കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കരകുളം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2016-2017

ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം.
e-mail:lfadtvm@yahoo.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.6/1680/2017
കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,

തീയതി: 18.08.2017.

ഫോൺ-0471-2331231

ഇ-മെയിൽ- lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന )

കരകുളം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കരകുളം ഗ്രാമപഞ്ചായത്ത് - 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരകുളം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) -ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദി കളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേ ണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ
ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്:</u>

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം).

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ.

3) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.6/1680/2017 തീയതി: 18.08.2017.

## തിരുവനന്തപുരം ജില്ലയിലെ കരകുളം ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ കരകുളം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 08.10.2016 മുതൽ 10.07.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു .

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറി പ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ചതിൻ ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ ജമാലുദ്ദീൻ.എ., ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10.07.2017മുതൽ 19.07.2017വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമിതി.ശ്രീജ.കെ.,ഓഡിറ്റ്ഓഫീസർ<br>ശ്രീമതി.രേഖ.സി.എസ്.സീനിയർഗ്രേഡ് ഓഡിറ്റർ.<br>ശ്രീ.സഫീർ അഹമ്മദ്.എ.ആർ., ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

പ്രസിഡന്റ് : ശ്രീമതി.അനില.എം.എസ്.,01.04.2016 മുതൽ 31.03.2017 വരെ

സെക്രട്ടറി : ശ്രീ.എസ്.അരവിന്ദാക്ഷൻ, 01.04.2016 മുതൽ 31.03.2017 വരെ

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | ശ്രീ.സന്തോഷ്കുമാർ | 01.04.2016മുതൽ 03.01.2017 വരെ |
| | ശ്രീമതി ലേഖ.ഡി.എസ് | 03.01.2017മുതൽ 31.03.2017 വരെ |
| അസി. എഞ്ചിനീയർ | ശ്രീമതി ആശ | 01.04.2016മുതൽ 05.07.2016വരെ |
| | ശ്രീമതി രശ്മി.പി.എസ്. | 05.07.2016മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.അജിത.ബി.എസ്. | 01.04.2016മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ജീൻ പി.ചാക്കോ | 01.04.2016മുതൽ 17.11.2016 വരെ |
| | ഡോ.ചന്ദ്രലക്ഷ്മി | 18.11.2016മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ഷൈലേഷ് കുമാർ | 01.04.2016മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.പ്രീത | 01.04.2016മുതൽ 31.03.2017 വരെ |
| എച്ച്.എം.- വി.എസ്. എൽ.പി.എസ്. | കുമാരി.ആർ.എൽ.ജലജ | 01.04.2016മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രുമതിഎസ്.ഗീതാകുമാരി | 01.04.2016മുതൽ 05.09.2016 വരെ |
| | ശ്രുമതി എം.ആർ.കൃഷ്ണ | 06.09.2016മുതൽ 31.03.2017വരെ |
| വി.ഇ.ഒ (സർക്കിൾ I) | ശ്രീ.ദിജു.എസ്.എസ് | 01.04.2016മുതൽ 31.03.2017 വരെ |
| വി.ഇ.ഒ (സർക്കിൾ II) | ശ്രീമതി സജിതകുമാരി | 01.04.2016മുതൽ 08.11.2016 വരെ |
| | ശ്രീ.ഉണ്ണികൃഷ്ണൻ | 09.11.2016മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രുമതി ജയശ്രീ.ആർ | 01.04.2016മുതൽ 21.02.2017 വരെ |
| | ഡോ.നിഷ.എസ്.കെ. | 23.02.2017മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |

| | | | |
|---|---|---|---|
| 10 | ഇ.എം.എസ്.ലോൺ അടവിൽ വ്യത്യാസം | 1-10 | |
| 11 | ആഭ്യന്തര നിയന്ത്രണം | 1-11 | |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-12 | |
| | ഭാഗം - 2 | | |
| 13 | പഞ്ചായത്ത് പരിധിയിലുള്ള മുഴവൻ സ്ഥാപനങ്ങൾക്കും ഡി&ഒ ലൈസൻസ് നൽകിയിട്ടില്ല. | 2-1 | |
| 14 | തൊഴിൽ നികുതി - ഈടാക്കുന്നില്ല | 2-2 | |
| 15 | വസ്തു നികുതി - അവലോകനം | 2-3 | |
| | ഭാഗം-3 | | |
| 16 | പ്രോജക്ട് നടത്തിപ്പിലെ കാലതാമസം - പദ്ധതി ലക്ഷ്യം കൈവരിക്കുന്നില്ല. | 3-1 | |
| 17 | സമയിബന്ധിതമായി മരുന്ന് ലഭ്യമാക്കാത്തത് പ്രോജക്ട് നടത്തിപ്പിനെ സാരമായി ബാധിച്ചു. | 3-2 | |
| 18 | പദ്ധതി നടത്തിപ്പിലെ പിഴവ് മൂലം നിർവ്വഹണം ലക്ഷ്യപ്രാപ്തി കൈവരിക്കുന്നില്ല. | 3-3 | |
| 19 | സ്മാർട്ട് ക്ലാസ് റൂം പദ്ധതി നടപ്പിലാക്കുന്നതിൽ അപാകത | 3-4 | |
| 20 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ലാത്തതിനാൽ തുക തടസ്സത്തിൽ വയ്ക്കുന്നു. | 3-5 | |
| 21 | വാഴകൃഷി വികസന പദ്ധതി - പൂർണ്ണമായും ഫലപ്രാപ്തി കണ്ടില്ല | 3-6 | |
| 22 | ഓപ്പറേഷൻ ഒളിമ്പ്യ | 3-7 | |
| 23 | യുവതീ യുവാക്കൾക്ക് ഓട്ടോറിക്ഷ വാങ്ങുന്നതിന് സബ്സിഡി - പദ്ധതി ലക്ഷ്യത്തിൽ നിന്നും വ്യതിചലനം | 3-8 | |

| | | | |
|---|---|---|---|
| 24 | മഹാത്മ ഗാന്ധി ദേശിയ തൊഴിലുറപ്പ് പദ്ധതി അവലോകനം | 3-9 | |
| 25 | അങ്കണവാടികളിൽ ഗാർഹിക കണക്ഷൻ - സബ്സിഡി സ്വീകരിക്കുന്നില്ല | 3-10 | |
| 26 | സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികളിൽ തെരുവ് വിളക്ക് ഉപകരണങ്ങൾ - കരാർ ചമച്ചതിൽ ചട്ട ലംഘനം | 3-11 | |
| 27 | തെരുവ് വിളക്ക് മെയിന്റനൻസ് (എ.എം.സി) പദ്ധതി നടത്തിപ്പിൽ ചട്ടലംഘനം | 3-12 | |
| 28 | പൊതുമരാമത്ത് പ്രവൃത്തികൾ | 3-13 | |
| 29 | കരാർ ഉടമ്പടി വെക്കുന്നതിലെ താമസം - പിഴ ഈടാക്കിയിട്ടില്ല | 3-14 | |
| 30 | പി.എച്ച്.സി. നിർമ്മാണം - അപാകതകൾ | 3-15 | |
| 31 | പഞ്ചാത്തിൽ യു.പി.എസും കമ്പ്യൂട്ടറും വാങ്ങൽ - കൂടിയ സ്പെസിഫിക്കേഷനിലുള്ളത് വാങ്ങി - അധികച്ചെലവ് | 3-16 | |
| 32 | ജിയോ ഇൻഫോമാറ്റിക് സർവ്വേ - ഐ.കെ.എം.സോഫ്റ്റ്വെയറുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 3-17 | |
| 33 | മുട്ടക്കോഴി വളർത്തൽ പദ്ധതി - ഗുണഭോക്തൃ വിഹിതത്തിൽ 18095/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. | 3-18 | |
| | ഭാഗം - 4 | | |
| 34 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 35 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |

| | | | |
|---|---|---|---|
| 36 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 37 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |
| 38 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 39 | ഓഡിറ്റ് റിക്കവറി | 4-6 | |
| 40 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് 03.03.2016 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 345820809/-രൂപ വരവും 334962100/-രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ യഥാർത്ഥ വരവ് 128100984/- രൂപയും (മുന്നിരിപ്പ് ഉൾപ്പെടെ) ചെലവ് 80542206/-രൂപയുമാണ് (റസീപ്റ്റ് & പേമെന്റ് പ്രകാരം) ബജറ്റിലെ പ്രതീക്ഷിത വരവും യഥാർത്ഥ വരവും തമ്മിലുള്ള അന്തരം കുറച്ച് യാഥാർത്ഥ്യവുമായി യോജിച്ചുപോകുന്ന ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 28.06.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് : 35384059

വരവ് : 92726925

ആകെ : 128110984

ചെലവ് : 80542206

നീക്കിയിരിപ്പ് : 47568778

## 1-5 ഫണ്ട് വിനിയോഗം

| ക്രമ നം. | ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| 1 | വികസനഫണ്ട് (ജനറൽ) | 0 | 19920331 | 19920331 | 19920331 | 0 |
| 2 | വികസനഫണ്ട് (എസ്.സി.പി.) | 0 | 3320027 | 3320027 | 3320027 | 0 |
| 3 | വികസനഫണ്ട് (ടി.എസ്.പി.) | 0 | 0 | 0 | 0 | 0 |
| 4 | 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 8704415 | 8704415 | 8704415 | 0 |
| 5 | പെർഫോമൻസ് ഗ്രാന്റ് | 0 | 2361598 | 2361598 | 2361598 | 0 |
| 6 | സംരക്ഷണഗ്രാന്റ് (നോൺ റോഡ്) | 0 | 5371285 | 5371285 | 5371285 | 0 |
| 7 | സംരക്ഷണഗ്രാന്റ്(റോഡ്) | 0 | 4840742 | 4840742 | 4840742 | 0 |
| 8 | എം.ജി.എൻ.ആർ. ഇ.ജി.എസ് | 2141 | 1234548 | 1236689 | 1233681 | 3008 |
| 9 | ജനറൽ പർപ്പസ് ഗ്രാന്റ് | 22984133 | 15661440 | 38645573 | 18806205 | 19839368 |
| 10 | ബി ഫണ്ട് | 0 | 1106280 | 1106280 | 1106280 | 0 |
| 11 | Treasury Own Fund | 176828 | 0 | 0 | 0 | 176828 |
| 12 | തനതുഫണ്ട്/മറ്റ് ഫണ്ട് | 11683114 | 20112980 | 31796094 | 4148445 | 27647649 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 177 | 72039481 | 100 | 44518398 | 10 | 67 | 56 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തനതുവരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| *നികുതി വരവുകൾ* | | | |
| വിനോദ നികുതി | 0 | 0 | 0 |
| തൊഴിൽ നികുതി | 2544735 | 2957615 | 412880 |
| കെട്ടിട നികുതി | 7251726 | 9761410 | 2509684 |
| പരസ്യ നികുതി | 68500 | 60001 | 8499 |
| *നികുതിയേതര വരവുകൾ* | | | |
| ലേലം | 45900 | 31150 | -14750 |
| ഷോപ്പിംഗ് കോംപ്ലക്സ് | 54809 | 68111 | 13302 |
| ഡി & ഒ | 104470 | 224370 | 119900 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 986280 | 1008 |
| കർഷക തൊഴിലാളി പെൻഷൻ | 3019490 | 444 |
| വിധവാപെൻഷൻ | 20878100 | 2371 |
| വാർദ്ധക്യകാല പെൻഷൻ | 26940315 | 3385 |
| വികലാംഗ പെൻഷൻ | 4890900 | 570 |

| | | |
|---|---|---|
| വിധവകളുടെപെൺമക്കൾക്കുള്ള ധനസഹായം | 120000 | 4 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 874870 | 104 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.07.2017-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 50772/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ഇ.എം.എസ് ലോൺ അടവിൽ വ്യത്യാസം

എ.എഫ്.എസ് പരിശോധിച്ചതിൽ 2015-16 ബാലൻസ് ഷീറ്റിലെ ഇ.എം.എസ് ഭവന പദ്ധതിയുടെ നീക്കിയിരിപ്പിനെക്കാൾ ക്ലോസിംഗ് ബാലൻസിനെക്കാൾ 1828000/- രൂപ 2016-17 വർഷത്തെ മുന്നിരിപ്പിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. ആയതിന്റെ വിശദീകരണം ഓഡിറ്റ് എൻക്വയറി നം.25 പ്രകാരം ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടി ചുവടെ ചേർക്കുന്നു.

ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതിക്കായി കരകുളം സർവ്വീസ് സഹകരണ ബാങ്കിൽ പ്രസിഡന്റിന്റെയും വി.ഇ.ഒ-യുടെയും സംയുക്ത അക്കൗണ്ടിൽ ഗുണഭോക്താക്കൾക്ക് നൽകേണ്ട തുക കഴിഞ്ഞ് ബാക്കിയുണ്ടായിരുന്ന 18,28,000/-രൂപ 2015-16 സാമ്പത്തിക വർഷത്തിൽ വി.ഇ.ഒ ഗ്രാമപഞ്ചായത്തിന്റെ ഇ.എം.എസ് ലോൺ അക്കൗണ്ടിൽ അടച്ചു. എന്നാൽ ഈ തുക അടച്ചത് യഥാസമയം സാംഖ്യയിൽ ചേർത്തിട്ടില്ല. ആയതിനാൽ 2016-17 സാമ്പത്തിക വർഷത്തെ എ.എഫ്.എസി-ൽ ലോൺ തുകയിൽ കുറവ് വന്നിട്ടില്ല. ഈ തെറ്റ് 2016-17 സാമ്പത്തിക വർഷത്തിലാണ് പരിഹരിച്ചത്. ആയതിനാലാണ് 2015-16 സാമ്പത്തിക വർഷത്തെ നീക്കിയിരിപ്പിനെക്കാൾ 18,28,000/-രൂപ 2016-17ൽ വ്യത്യാസപ്പെട്ടിരിക്കുന്നത്.

## 1-11 ആഭ്യന്തരനിയന്ത്രണം.

വരവിനങ്ങൾ സംബന്ധിച്ച രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല. ഡ്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കേണ്ടതാണ്. പ്രോജക്ട് രൂപീകരണത്തിൽ ഉൽപാദന സേവന മേഖലകൾക്ക് കൂടുതൽ പ്രാധാന്യം നൽകേണ്ടതാണ്. പദ്ധതി നടത്തിപ്പിൽ ടെണ്ടർ കരാർ നടപടികളിൽ ചട്ടങ്ങൾ പാലിക്കുന്നില്ല.

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| | തീയതി | | |
| പെർഫോമൻസ് ഓഡിറ്റ് | 09.02.2017 | 01.12.2016 മുതൽ 31.01.2017 വരെ | 15.03.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05.11.2012 | 2007-08 മുതൽ 2011-12 വരെ | 01.03.2013 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ സ്ഥാപനങ്ങൾക്കും ഡി & ഒ ലൈസൻസ് നൽകിയിട്ടില്ല.

പഞ്ചായത്ത് പരിധിയിലുള്ള വ്യാപാര വ്യവസായ സ്ഥാപനങ്ങളിൽ പലതും ഡി & ഒ ലൈസൻസ് എടുത്തിട്ടില്ല. പഞ്ചായത്തിലെ കാലികമല്ലാത്ത ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം തന്നെ 549 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ തൻവർഷം 526 സ്ഥാപനങ്ങൾ മാത്രമാണ് ഡി & ഒ ലൈസൻസ് എടുത്തിട്ടുള്ളത്. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കുകയും അർഹരായ എല്ലാ സ്ഥാപനങ്ങളും ഡി & ഒ ലൈസൻസ് നേടിയിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടതും അപ്രകാരം അല്ലാതെ പ്രവൃത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 2-2 തൊഴിൽ നികുതി ഈടാക്കുന്നില്ല

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം ലഭ്യമല്ല എന്ന് കണ്ടു.

1. പോത്തൻസ് ഹ്യുണ്ടായി, വട്ടപ്പാറ – 1st & 2nd half

2. ലെക്കോൾ ചെമ്പക, കല്ലയം – 2nd half

3. പ്ലാമൂട്ടിൽ ബാങ്കേഴ്സ്, വട്ടപ്പാറ- 1st & 2nd half

4. കൊശമറ്റം ഫിനാൻസ്, കരകുളം - 2nd half

5. മിനി മുത്തൂറ്റ് നിധി (കെ) ലിമിറ്റഡ്, കാച്ചാണി - 2nd half

6. മുത്തൂറ്റ് ഫിൻകോർപ്പ്, വഴയില- 2nd half

ഇത് സംബന്ധമായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.13-നുള്ള മറുപടിയായി മേൽപ്പറഞ്ഞ സ്ഥാപനങ്ങളൊന്നും തന്നെ തൊഴിൽ നികുതിദായകരുടെ വിവരം ലഭ്യമാക്കിയിട്ടില്ലെന്നും ആയതിനാൽ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും ഈടാക്കേണ്ട കുടിശ്ശിക തുകയുടെ വിവരങ്ങൾ പഞ്ചായത്തിന് ലഭ്യമല്ല എന്നും അറിയിച്ചിട്ടുണ്ട്. 17/7/2017-ന് പ്രസ്തുത സ്ഥാപനങ്ങൾക്ക് കുടിശ്ശിക അടിയന്തിരമായിട്ട് അടച്ചുതീർക്കാനുള്ള നോട്ടീസ് വീണ്ടും നൽകിയതായും അറിയിച്ചു. മേൽ സ്ഥാപനങ്ങളുടെ കുടിശ്ശിക എത്രയും വേഗം തിട്ടപ്പെടുത്തി

പിരിച്ചെടുക്കേണ്ടതാണ്.

## 2-3 വസ്തു നികുതി - അവലോകനം

സഞ്ചയ സോഫ്റ്റ്‌വെയർ അപ്ഡേഷൻ കരകുളം ഗ്രാമപഞ്ചായത്തിൽ പൂർത്തിയാകാത്തതിനാൽ പഞ്ചായത്തിന് ലഭിക്കേണ്ട വസ്തു നികുതിയുടെ യഥാർത്ഥ കണക്ക് ഇതുവരെ ലഭ്യമായിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന മൊബൈൽ ടവറുകൾ വസ്തുനികുതി ഒടുക്കുന്നതിൽ കുടിശ്ശിക വരുത്തിയിട്ടുണ്ട്.

| നമ്പർ | ടവറിന്റെ ഉടമ | കുടിശ്ശികയും കാലയളവും |
|---|---|---|
| 1/880 | ബി.എസ്.എൻ.എൽ | 308721/-രൂപ, 2000-2017 |
| 2/448എ | റിലയൻസ് ഇൻഫോ | 11,550/- രൂപ, 2013-2017 |
| 10/593 എ | റിലയൻസ് ജിയോ | 1890/- രൂപ, 2017-18 |
| 11/427എ | റിലയൻസ് ജിയോ | 1260/- രൂപ, 2017-18 |
| 20/495 എ | ബി.എസ്.എൻ.എൽ | 29,355/- രൂപ, 2010-2017 |
| ആകെ | | 352776/-രൂപ |

മേൽപ്പറഞ്ഞ കുടിശ്ശികകൾ പിരിച്ചെടുക്കാൻ പഞ്ചായത്ത് നടപടി കൈക്കൊള്ളേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പ്രോജക്ട് നടത്തിപ്പിലെ കാലതാമസം - ലക്ഷ്യം കൈവരിക്കുന്നില്ല.

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ടുകൾ പദ്ധതി നടത്തിപ്പിലെ കാലതാമസം മൂലം ഉദ്ദേശ്യ ലക്ഷ്യം കൈവരിച്ചില്ല.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ഭരണാനുമതി | ബിൽ നം. | അടങ്കൽ തുക | ചെലവായ തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| SO068/17 | പ്രത്യേക കന്നുകുട്ടി പരിപാലനം | 1, 19.08.16 | 2/2016-17 തീ.07.03.17 | 2500000/- (സംസ്ഥാവിഹിതം- 625000/- തദ്ദേശസ്ഥാപന വിഹിതം- 625000/- ഗുണഭോക്തൃവിഹിതം- 1250000/-) | 1250000/- തദ്ദേശ സ്ഥാപന വിഹിതം- 625000/- ഗുണഭോക്തൃവിഹിതം- 1250000/-) |
| SO0149/17 | ABC Project | 1, 19.08.16 | ചെക്ക് നം. 9314501 തീ.15.03.17 സബ്ട്രഷറി, നെടുമങ്ങാട് | 100000/- | 50000/- |

പ്രത്യക കന്നുകുട്ടി പരിപാലനം പദ്ധതി, പഞ്ചായത്ത് അംഗീകരിച്ച പ്രോജക്ടും ഗുണഭോക്തൃ വിഹിത ലിസ്റ്റും നൽകുന്ന മുറയ്ക്കാണ് നിർവ്വഹണം നടത്തുന്നത്. പ്രസ്തുത പദ്ധതിക്കായി സംസ്ഥാന വിഹിതത്തിന് ഒരു ടാർജറ്റ് നിശ്ചയിച്ചിട്ടുണ്ട്. വർഷാവസാന മായതിനാൽ സംസ്ഥാന വിഹിതം ലഭ്യമല്ലെന്ന് സ്പെഷ്യൽ ലൈവ്സ്റ്റോക്ക് ബ്രീഡിംഗ് പ്രോഗ്രാം ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ വിഹിതം ഉപയോഗിച്ച് പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചു. പ്രസ്തുത ടാർജറ്റ് പൂർത്തീകരിക്കുന്നതിന് മുൻപ് അംഗീകരിച്ച പ്രോജക്ടും ഗുണഭോക്തൃ ലിസ്റ്റ് നൽകാത്തതു മൂലവുമാണ് പ്രസ്തുത പദ്ധതിയിൽ സംസ്ഥാന വിഹിതം ലഭ്യമാകാത്തത്.

വിവിധ പഞ്ചായത്തുകളിൽ നിന്ന് അംഗീകരിച്ച പ്രോജക്ട് ലഭിക്കുന്ന മുറയ്ക്കാണ് ABC പദ്ധതി നടപ്പിലാക്കുന്നത്. വർഷാവസാനം പ്രോജക്ട് ലഭ്യമാക്കിയത് മൂലം പ്രസ്തുത പദ്ധതിയുടെ 50% മാത്രമേ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂവെന്ന് ജില്ലാ വെറ്ററിനറി മെഡിക്കൽ ഓഫീസർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രോജക്ട് 50000/-രൂപയായി പരിമിതപ്പെട്ട തുകയാണുണ്ടായത്.

അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-2 സമയബന്ധിതമായി മരുന്ന് ലഭ്യമാക്കാത്തത് പ്രോജക്ട് നടത്തിപ്പിനെ സാരമായി ബാധിച്ചു

ആയുർവേദ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ വിവിധ പ്രോജക്ടുകൾക്കായി ഔഷധിയിൽ നിന്നും മരുന്ന് വാങ്ങിയിട്ടുണ്ട്. സമയബന്ധിതമായി മരുന്ന് ലഭിക്കാത്തത് മൂലം പദ്ധതിയുടെ പ്രയോജനം ഗുണഭോക്താക്കൾക്ക് ലഭിക്കുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു

| പ്രോജക്ട് നം. | ബിൽ നം. | അടങ്കൽ തുക | ചെലവ് തുക | മരുന്ന് ലഭ്യമായത് | മരുന്ന് ലഭിക്കുവാൻ അവശേഷിക്കുന്നത് |
|---|---|---|---|---|---|
| SO041/17 | 4/Purchase of medicine for Ayurveda Hospital dtd.15.03.17 | 500000/- | 500000/- | 264525/- | 235475/- |

| | | | | | |
|---|---|---|---|---|---|
| SO043/17 | 2/Diabetic Clinic dtd.15.03.17 | 100000/- | 100000/- | 72177/- | 27823/- |
| SO045/17 | 3/Medicine Purchase for NRHM dtd.15.03.17 | 500000/- | 500000/- | 495904/- | 4096/- |
| SO046/17 | 1/Care for old age dtd. 15.03.17 | 200000/- | 200000/- | 75960/- | 124040/- |

27.02.2006-ലെ 5398/ഡി.പി-1/2006/തസ്വഭവ, 25.11.2010-ലെ 13166/ഡി.എ-1/2010/തസ്വഭവ എന്നീ സർക്കുലറുകൾ പ്രകാരം ഔഷധിയിൽ നിന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മരുന്ന് വാങ്ങുമ്പോൾ 60 ദിവസത്തിനുള്ളിൽ വിതരണം ചെയ്യണം എന്ന വ്യവസ്ഥയിൽ മുൻകൂറായി പണം നൽകാവുന്നതാണ്. ഇത് സംബന്ധിച്ച് കരാർ വയ്ക്കണമെന്നും സമയപരിധിക്കുള്ളിൽ മരുന്ന് നൽകുന്നില്ലെങ്കിൽ ഔഷധി നഷ്ടപരിഹാരം നൽകേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രോജക്ട് പരിശോധിച്ചതിൽ ഔഷധിയുമായുള്ള കരാർ ലഭ്യമായിട്ടില്ല.

ഔഷധിയിൽ നിന്ന് മരുന്ന് വാങ്ങുമ്പോൾ നിർബന്ധമായും കരാർചമയ്ക്കാനും ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ പ്രസ്തുത പ്രോജക്ട് പ്രകാരം മുൻകൂറായി നൽകിയ മുഴുവൻ തുകയ്ക്കുമുള്ള മരുന്ന് ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3 പദ്ധതി ആസൂത്രണത്തിലെ പിഴവ്മൂലം നിർവ്വഹണം ലക്ഷ്യപ്രാപ്തി കൈവരിക്കുന്നില്ല.

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ വിവിധ പ്രോജക്ടുകളിൽ അർഹരായ ഗുണഭോക്താക്കൾ ഉൾപ്പെടാത്തത് മൂലം പദ്ധതികൾ പൂർണ്ണമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | ചെലവ് തുക | ബിൽ നം. | ഗുണഭോക്തൃ ലിസ്റ്റ് പ്രകാരമുള്ള ഗുണഭോക്താക്കൾ | ആനുകൂല്യം ലഭിച്ചവർ |
|---|---|---|---|---|---|---|
| SO031/17 | ഭവന പുനരുദ്ധാരണം (SCP) | 625000/- (വികസനഫണ്ട്- 623000/- തനത്ഫണ്ട് - 2000/-) | 425000/- | 7/16-17 തീ.14.03.17<br>9/17 തീ.23.03.17<br>10/16-17 തീ.25.03.17<br>15/16-17 തീ.31.03.17 | 26 | 17 |
| SO023/17 | പട്ടിക ജാതി യുവതി യുവാക്കൾക്ക് ഓട്ടോറിക്ഷ വാങ്ങുന്നതിനുള്ള സബ്സിഡി | 900000/- | 500000/- | 20/16-17 തീയതി 31.3.17<br>11/16-17 തീ.31.03.17 | 8 | 1 |
| SO187/17 | വീടിന് സ്ഥലം | 3900000/- | 1200000/- | 12/16-17 | 16 | 8 |

| | | | | | | |
|---|---|---|---|---|---|---|
| | വാങ്ങൽ (SCP) | | | തീ.31.03.17<br>13/16-17<br>തീ.31.03.17<br>14/16-17<br>(31.03.17) | | |

19.11.2016-ലെ പഞ്ചായത്ത് സമിതിയുടെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഉണ്ടായിട്ടും പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ല. അംഗീകരിച്ച ഗുണഭോക്തൃ പട്ടികയിൽ അനർഹരായവർ ഉൾപ്പെട്ടിരുന്നതിനാലും പദ്ധതി അനുശാസിക്കുന്ന മാനദണ്ഡങ്ങൾക്ക് അനുസൃതമായി രേഖകൾ ഹാജരാക്കാത്തതിനാലുമാണ് പ്രസ്തുത പ്രോജക്ടുകളിൽ ലക്ഷ്യം കൈവരിക്കുവാൻ സാധിക്കാതിരുന്നത്.

ഗ്രാമസഭയിലും വർക്കിംഗ് ഗ്രൂപ്പിലും വിവിധ ജനവിഭാഗങ്ങളുടെ ആവശ്യകതയ്ക്കനുസരിച്ച് പദ്ധതി ആവിഷ്കരിക്കുന്നതിൽ വീഴ്ച സംഭവിച്ചതാണ് അർഹരായ ഗുണഭോക്താക്കളെ ലഭിക്കാത്തതിനും തൻമൂലം പദ്ധതി ലക്ഷ്യം കൈവരിക്കാതിരിക്കുന്നതിനും കാരണമായത്. ഭാവിയിൽ ജനോപകാരപ്രദമായ പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിയും ശ്രദ്ധിക്കേണ്ടതാണ്.

## 3-4 <u>സ്മാർട്ട് ക്ലാസ് റൂം പദ്ധതി നടപ്പിലാക്കുന്നതിൽ അപാകത</u>

പ്രോജക്ട് നമ്പർ : S0040/17

പ്രോജക്ടിന്റെ പേര് : കരകുളം യു.പി.എസ്സിൽ സ്മാർട്ട് ക്ലാസ് റൂം

അടങ്കൽ തുക : 300000/- (മെയിന്റനൻസ് ഫണ്ട് - റോഡിതരം)

ചെലവ് തുക : 296000/-

ബിൽ നമ്പർ : 4/2016-17 തീ. 30.03.17

കരകുളം യു.പി.എസ്-ൽ പഠനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നിലവിലുള്ള ഒരു ക്ലാസ് മുറിയെ സ്മാർട്ട് ക്ലാസ്റൂമായി പരിവർത്തനം ചെയ്യുന്നതിനും ഉപകരണങ്ങൾ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനും 17.02.2017-ന് ടെണ്ടർ ക്ഷണിക്കുകയും കുറവ് തുകയായ 2,96,000/-രൂപ ക്വാട്ട് ചെയ്ത മൈക്രോകോംസ് ടോട്ടൽ സൊല്യൂഷൻസ് എന്ന സ്ഥാപനതതിനെ പ്രവൃത്തി ചെയ്യുന്നതിനായി തെരഞ്ഞെടുക്കുകയും ചെയ്തു.

എന്നാൽ പ്രസ്തുത പ്രോജക്ട് നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

*<u>ടെണ്ടർ ക്ഷണിച്ചതിൽ ആവശ്യമായ സ്പെസിഫിക്കേഷൻ ഇനം തിരിച്ച് രേഖപ്പെടുത്തിയിട്ടില്ല.</u>*

പ്രസ്തുത പ്രോജക്ടിനായി ടെണ്ടർ ക്ഷണിച്ചതിൽ കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള ഉപകരണങ്ങൾക്ക് ഇനം തിരിച്ചുള്ള സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ സാധനങ്ങൾ വിതരണം ചെയ്ത സ്ഥാപനവുമായി ചമച്ച കരാറിലും സാധനങ്ങളുടെ ഇനം തിരിച്ചുള്ള വിലവിവര പട്ടിക രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ലഭിച്ച സാധനങ്ങളുടെ വില നിർണയിക്കുവാനോ കുറഞ്ഞ തുകയ്ക്കാണോ സാധനങ്ങൾ വാങ്ങിയിട്ടുള്ളതെന്ന് വിലയിരുത്തുവാനോ കഴിഞ്ഞിട്ടില്ല.

*<u>ഇലക്ട്രോണിക് സാധനങ്ങൾ ലഭ്യമാക്കിയ സ്ഥാപനം മരാമത്ത് പ്രവൃത്തിയും ചെയ്തിരിക്കുന്നു.</u>*

പ്രസ്തുത പ്രോജക്ടുമായി ബന്ധപ്പെട്ട മരാമത്ത് പ്രവൃത്തികളും കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള സാധനങ്ങൾ ലഭ്യമാക്കിയ സ്ഥാപനം തന്നെയാണ് നിർവ്വഹിച്ചിരിക്കുന്നത്. എ.ഇ-യുടെ മേൽനോട്ടത്തിൽ നടപ്പിലാക്കേണ്ട പ്രസ്തുത പ്രവൃത്തികൾ മുൻപരിചയമില്ലാത്ത ഒരു സ്ഥാപനം

നടപ്പിലാക്കിയത് വ്യക്തമായ അപാകതയാണ്.

പ്രസ്തുത പ്രോജക്ടുകൾ തുടർന്നുള്ള വർഷങ്ങളിൽ നടപ്പിലാക്കുമ്പോൾ മേൽ അപാകതകൾ പരിഹരിച്ച് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ലാത്തതിനാൽ തുക തടസ്സത്തിൽ വയ്ക്കുന്നു.

പ്രോജക്റ്റ് നമ്പർ : S0082/17

പ്രോജക്ടിന്റെ പേര് : പാലിയേറ്റീവ് കെയർ-ജില്ലാ പഞ്ചായത്തിൽ അടയ്ക്കുന്നത്

അടങ്കൽ തുക : 100000/- (വികസന ഫണ്ട്)

ചെലവ് തുക : 100000/-

ബിൽ നമ്പർ : 12/16-17 തീ. 25.03.17

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ പി.എച്ച്.സി

പാലിയേറ്റീവ് കെയർ വിഹിതം ജില്ലാ പഞ്ചാത്തിലേക്ക് നൽകുന്നതിനായുള്ള പ്രസ്തുത പ്രോജക്ടിൽ 25.03.17-ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് 100000/-രൂപ കൈമാറിയെങ്കിലും ആയതിന്റെ കൈപ്പറ്റ് രസീതോ തുക വിനിയോഗിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രമോ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത തുക തടസ്സത്തിൽ വയ്ക്കുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

## 3-6 വാഴകൃഷി വികസന പദ്ധതി - പൂർണമായും ഫലപ്രാപ്തി കണ്ടില്ല.

പ്രോജക്റ്റ് നമ്പർ : S0084/17

അടങ്കൽ തുക : 261000/- (വികസന ഫണ്ട്)

ചെലവായ തുക : 89000/-

കൃഷി ഓഫീസർ നടപ്പിലാക്കിയ വാഴകൃഷി വികസന പദ്ധതി വഴി നാമമാത്രമായ കർഷകരായ ഗുണഭോക്താക്കൾക്ക് വാഴത്തൈ, ജൈവവളം എന്നിവ വാങ്ങാൻ സബ്സിഡി തുക ബാങ്ക് അക്കൗണ്ട് വഴി നൽകി. എന്നാൽ 12-ാം പദ്ധതി മാർഗരേഖ [ജി.ഒ.(എം.എസ്)4/2016/തസ്വഭവ, തീയതി. 11.01.16] പ്രകാരം തൈകൾക്കുള്ള സബ്സിഡി പണമായി നൽകാൻ പാടില്ല. ഇത് പദ്ധതിയുടെ ഫലപ്രാപ്തിയെ ബാധിക്കും. മാത്രമല്ല, ഇത്തരം പദ്ധതികളുടെ മേൽ കാര്യക്ഷമമായ മോണിറ്ററിംഗ് സംവിധാനം ഉറപ്പുവരുത്തുന്നതിന് കൃഷി ഓഫീസർ ശ്രദ്ധിക്കേണ്ടതാണ്. പദ്ധതി അടങ്കലായി വികസന ഫണ്ടിൽ നിന്നും വകയിരുത്തിയ 261000/-രൂപയിൽ 89000/-രൂപ മാത്രം ചെലവഴിച്ച ഈ പദ്ധതി വിജയകരമായി പൂർത്തിയാക്കി എന്ന് പറയാൻ കഴിയില്ല. ഇത്തരം പദ്ധതികൾക്കായുള്ള ജൈവവളം പരമാവധി പഞ്ചായത്ത് പരിധിയിലുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങളിൽ നിന്നും ലഭ്യമാക്കാൻ ശ്രമിക്കേണ്ടതാണ്.

## 3-7 ഓപ്പറേഷൻ ഒളിമ്പ്യ

പ്രോജക്റ്റ് നമ്പർ : S0032/17

അടങ്കൽ തുക : 650000/- (തനത് ഫണ്ട്)

ചെലവ് തുക : 313448/-

തെരഞ്ഞെടുത്ത വിദ്യാർത്ഥികൾക്ക് കായിക പരിശീലനം, നീന്തൽ പരിശീലനം, ലഘുഭക്ഷണം, സ്പോർട്സ് സാമഗ്രികൾ എന്നിവ നൽകി പേര് സൂചിപ്പിക്കും പോലെത്തന്നെ ഭാവിയിൽ ഒളിമ്പിക്സ് ജേതാക്കളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ വി.ഇ.ഒ-I നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയാണ് ഓപ്പറേഷൻ ഒളിമ്പ്യ. രേഖകൾ പരിശോധിച്ചതിൽ നിന്നും വളരെ കൃത്യതയോടെ തന്നെ നിർവ്വഹണ ഉദ്യോഗസ്ഥൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ ഒളിമ്പിക്സ് ജേതാക്കളെ സൃഷ്ടിക്കുക എന്ന ലക്ഷ്യം നേടാൻ മാത്രം പര്യാപ്തമല്ല പദ്ധതി വഴി നടപ്പിലാക്കിയ പരിശീലനം. ജില്ലയിൽ തന്നെയുള്ള അന്താരാഷ്ട്ര നിലവാരമുള്ള കായിക-നീന്തൽ സംവിധാനങ്ങൾ ഉപയോഗിക്കുന്നതിന് പകരം പഞ്ചായത്തിലെ താരതമ്യേന നിലവാരം കുറഞ്ഞ കളിസ്ഥലങ്ങളും നീന്തൽ കുളവുമാണ് പരിശാലനം നൽകാൻ ഉപയോഗിച്ചത്. പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ [സ.ഉ(എം.എസ്) 4/2016/തസ്വഭവ.തീയതി.11.01.16] പ്രകാരം ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ സംസ്ഥാന/ജില്ലാ സ്പോർട്സ് കൗൺസിലിന്റെ പങ്കാളിത്തം ലഭ്യമാക്കാൻ ശ്രമിക്കേണ്ടതാണ്. അടങ്കൽ തുകയുടെ പകുതിയിൽ താഴെ മാത്രം ചെലവഴിച്ച പദ്ധതി മേൽപ്പറഞ്ഞ ദേശീയ/ അന്താരാഷ്ട്ര നിലവാരത്തിലുള്ള കായിക സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി കൂടുതൽ കാര്യക്ഷമമായി നടത്തിയിരുന്നെങ്കിൽ പദ്ധതി അതിന്റെ ലക്ഷ്യം സാധൂകരിക്കുന്ന തലത്തിലേക്ക് ഉയരുമായിരുന്നു.

## 3-8 യുവതീയുവാക്കൾക്ക് ഓട്ടോറിക്ഷ വാങ്ങുന്നതിന് സബ്സിഡി - പദ്ധതി ലക്ഷ്യത്തിൽ നിന്നും വ്യതിചലനം

പ്രോജക്റ്റ് നമ്പർ : S0020/17

അടങ്കൽ തുക : 1200000/- (വികസന ഫണ്ട്)

ചെലവ് തുക : 1160000/-

വി.ഇ.ഒ.II നടപ്പിലാക്കിയ പദ്ധതി വഴി 29 പേർക്ക് ഓട്ടോറിക്ഷ വാങ്ങുവാൻ വായ്പാ ബന്ധിത സബ്സിഡി നൽകി. എന്നാൽ പദ്ധതിയിൽ സബ്സിഡി ലഭിച്ച ഗുണഭോക്താക്കൾ എല്ലാപേരും പുരുഷൻമാരാണ്. 20 പുരുഷൻമാർ, 10 സ്ത്രീകൾ എന്നിങ്ങനെ 30 പേർക്കായി ആവിഷ്കരിച്ച പദ്ധതിൽ ഒരു സ്ത്രീ പോലും ഉൾപ്പെട്ടില്ല എന്നത് പദ്ധതിയുടെ പ്രധാന പോരായ്മയാണ്. ഇത്തരം സ്വയംതൊഴിൽ ലക്ഷ്യമാക്കിയുള്ള പദ്ധതികളിൽ സ്ത്രീകളുടെ പ്രാതിനിധ്യം കൂടി ഉറപ്പാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി - അവലോകനം.

തൻവർഷം പദ്ധതിയിൽ ഉൾപ്പെടുത്തി 3871 പേർക്ക് തൊഴിൽ കാർഡ് നൽകുകയും 1733 കുടുംബങ്ങൾക്ക് തൊഴിൽ നൽകുകയും ചെയ്തു. ജലസംരക്ഷണം, ആസ്തി വികസനം, തടയണ, ബണ്ട് മുതലായവയുടെ നിർമ്മാണം തുടങ്ങിയവ തൻവർഷം ഏറ്റെടുത്ത പ്രവർത്തികളിൽ ഉൾപ്പെടുന്നു.

## 3-10 അങ്കണവാടികളിൽ ഗാർഹിക കണക്ഷൻ - സബ്സിഡി സ്വീകരിക്കുന്നില്ല.

കരകുളം ഗ്രാമപഞ്ചായത്തിൽ 43 അങ്കണവാടികൾ പ്രവർത്തിക്കുന്നു. ആയവയിൽ ഗാർഹിക ഗ്യാസ് കണക്ഷനാണ് എടുത്തിട്ടുള്ളത്. ICDS സൂപ്പർവൈസർ, അങ്കണവാടി സെന്റർ നമ്പർ എന്ന വിലാസത്തിലാണ് കണക്ഷൻ എടുത്തിട്ടുള്ളത്. എന്നാൽ പ്രസ്തുത കണക്ഷനുകൾക്കുള്ള സബ്സിഡി പ്രസ്തുത അങ്കണവാടികൾ സ്വീകരിക്കുന്നില്ല. ഗ്യാസ് ഏജൻസിയിൽ സബ്സിഡി വേണ്ട എന്നെഴുതിക്കൊടുത്തിരിക്കുകയാണ്. ഗാർഹിക ഗ്യാസ് കണക്ഷന് ന്യായമായി കിട്ടേണ്ട സബ്സിഡി വേണ്ടെന്ന് വയ്ക്കുന്നത് ഉചിതമല്ല. പ്രസ്തുത സബ്സിഡി അങ്കണവാടികളുടെ വികസന ഫണ്ടായ ഫ്ലെക്സി ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റാവുന്നതും പ്രസ്തുത തുക അടുത്ത സിലിണ്ടർ വാങ്ങുമ്പോൾ ഉപയോഗപ്പെടുത്തേണ്ടതുമാണ്.

## 3-11 <u>സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികൾ തെരുവ് വിളക്ക് ഉപകരണങ്ങൾ - കാരർ ചമച്ചതിൽ ചട്ട ലംഘനം.</u>

പ്രോജക്ട് നമ്പർ : S070/17

അടങ്കൽ : 10,00,000/- (തനത് ഫണ്ട്)

ചെലവ് : 200000/-

ചെക്ക് നമ്പർ/തീയതി : 1625077/24.01.2017

2016-17 വർഷത്തെ തെരുവ് വിളക്ക് മെയിന്റനൻസിനായി തെരുവ് വിളക്കുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനുവേണ്ടി 10,00,000/-രൂപ അടങ്കൽ വെച്ച് അംഗീകാരം നേടി 2,00,000/-രൂപ ചെലവഴിച്ച് നടപ്പിലാക്കിയ പ്രോജക്ടിന്റെ നടത്തിപ്പിലും കരാർ ചമച്ചതിലും വ്യക്തമായ ചട്ടലംഘനവും അപാകതകളും താഴെപറയും വിധം സംഭവിച്ചിട്ടുണ്ട്.

*<u>1) ആവശ്യകതാനിർണയം നടത്താതെ പ്രോജക്ട് തുക നിശ്ചയിച്ചു.</u>*

പഞ്ചായത്തിലെ എല്ലാ വാർഡുകളിലേയും തെരുവ് വിളക്കുകളുടെ എണ്ണം, അവയിൽ പ്രവർത്തനരഹിതമായത്, മെയിന്റനൻസ് ആവശ്യമായത് എന്നിങ്ങനെയുള്ള അവശ്യ വിവരങ്ങൾ കെ.എസ്.ഇ.ബി. അധികൃതരുമായി സംയുക്ത പരിശോധന നടത്തി തിട്ടപ്പെടുത്തിയിട്ടല്ല പ്രോജക്ടിൽ അടങ്കൽ തുക വകയിരുത്തിയിട്ടുള്ളത്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 15-ന് സംയുക്ത പരിശോധന സാധ്യമായിട്ടില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്. ഇപ്രകാരം വാർഷിക ആവശ്യകതാ നിർണയം നടത്താതെ സ്റ്റോർ പർച്ചേസ് മാനുവൽ 2013 ഖണ്ഡിക 6.1-ലെ വ്യവസ്ഥകൾക്കുവിരുദ്ധമായി മുൻവർഷത്തെ ചെലവ് തുകയെക്കാൾ വലിയ തുകയ്ക്ക് പ്രോജക്ട് അടങ്കൽ നിശ്ചിയിക്കുകയാണുണ്ടായത്.

*<u>2) ടെണ്ടർ പരസ്യം ചെയ്ത തുകയിൽ അവ്യക്തത</u>*

10,00,000/-രൂപ അടങ്കൽ നിശ്ചയിച്ചെങ്കിലും 4,00,000/-രൂപയ്ക്കാണ് ടെണ്ടർ ക്ഷണിച്ചത്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മുൻവർഷം വാങ്ങിയ ഇലക്ട്രിക്കൽ സാധനങ്ങൾ നീക്കിയിരിപ്പുണ്ടായിരുന്നതിനാൽ പ്രോജക്ട് തുകക്ക് മുഴുവൻ സാധനങ്ങൾ വാങ്ങുന്നത് പ്രായോഗികമല്ലെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. ഇതിൽനിന്നും ആവശ്യമുള്ള സാധനങ്ങൾ, മുൻവർഷത്തെ നീക്കിയിരിപ്പ് എന്നിവയുടെയൊന്നും കണക്കെടുക്കാതെ ഒരു നിശ്ചിത തുകക്ക് ടെണ്ടർ നൽകുകയാണുണ്ടായത് എന്ന് വ്യക്തമാണ്.

*<u>3) ടെണ്ടർ/കരാർ നടപടികളിലെ ചട്ട ലംഘനം</u>*

ടെണ്ടർ നൽകിയ നാലുപേരിൽ Help desk IT Solution 3,44,350 /-നും Alpha electronics 337425/- നും മന്.വി.പി. 364000/-നും Vijay Agencies മെറ്റീരിയൽ പ്രൈസ് ഷെഡ്യൂൾ പ്രകാരം 302525/-നും ടെണ്ടർ ഫോമിൽ 400000/-നും ആണ് പ്രവൃത്തി ഏറ്റെടുക്കാമെന്നറിയിച്ചത്. ടെണ്ടർ സമർപ്പിച്ചതിൽ രണ്ടുതരത്തിൽ തുക ക്വാട്ട് ചെയ്ത അപാകതയിൽ വിശദീകരണം തേടാതെ Vijay Agencies-നോട് കുറഞ്ഞ നിരക്കിൽ നെഗോസിയേഷൻ ചെയ്യണമെന്ന് കത്ത് നൽകുകയും ടെണ്ടറുടെ ഭാഗത്തുനിന്ന് അത് അംഗീകരിക്കുന്ന രേഖാമൂലമുള്ള ഉറപ്പ് വാങ്ങാതെ കരാർ ചമക്കുകയും ചെയ്തു. യഥാർത്ഥത്തിൽ എത്ര രൂപക്കാണ് കരാർ ചമച്ചതെന്നോ കരാർ തീയതിയോ ലഭ്യമാക്കേണ്ട സാധനങ്ങളുടെ വിവരങ്ങളോ തീയതിയോ ഒന്നും തന്നെ ആ കരാർ രേഖകളില്ല. സ്റ്റോർ പർച്ചേസ് മാന്വൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ, പഞ്ചായത്ത് രാജ് ആക്ട് എന്നിവയിൽ നിഷ്കർഷിക്കുനന അവശ്യവിവരങ്ങൾ ഒന്നും ഇല്ലാതെ ചമച്ച കരാറിന് നിയമപരമായി നിലനിൽപ്പില്ലെന്ന് കാണുന്നു.

4) കരാർ നൽകിയ വിജയ് ഏജൻസീസ് പ്രൊപ്രൈറ്ററുടെ 31.08.2016-ലെ കത്തിൽ 200000/-രൂപ മാത്രമേ നൽകിയിട്ടുള്ളൂ എന്നും ബാക്കി 163527/-രൂപ ഇനിയും നൽകാനു ണ്ടെന്നും ആയത് ഉടനെ നൽകണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു. ഇതിൽ നിന്നും കരാർ ഉറപ്പിച്ചത് 363527/-രൂപക്കാണെന്നും ബോധപൂർവ്വം രേഖകളിൽ ചേർക്കാതിരുന്നതാണെന്നും വ്യക്തമാക്കുന്നു. മാത്രവുമല്ല ഈ തുകയിൽ കുറഞ്ഞ ടെണ്ടറുകൾ സ്വീകരിക്കാതിരുന്നതും വ്യക്തമായ ചട്ടലംഘനമാണ്.

5) 24.01.2017-ലെ സെക്രട്ടറിയുടെ കത്ത് പ്രകാരം (ബി1-7086/16) സപ്ലൈ ഓർഡറിൽ ആവശ്യപ്പെട്ട സാധനങ്ങളല്ല കരാറുകാരൻ നൽകിയതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നിട്ടും 25.01.2017-ൽ കരാറുകാരൻ (വിജയ് ഏജൻസി) നൽകിയ സാധൂകരിക്കാനാവാത്ത മറുപടിയിന്മേൽ അംഗീകാരം നൽകി (ആവശ്യപ്പെട്ട സാധനങ്ങൾ സ്റ്റോക്ക് ഇല്ലാതിരുന്ന തിനാൽ ISO നിലവാരമുള്ള സാധനങ്ങൾ നൽകുന്നു എന്നാണ് മറുപടി) 200000/-രൂപ കൈമാറുകയാണ് ചെയ്തിട്ടുള്ളത്.

പഞ്ചായത്ത് രാജ് ആക്ട്, സ്റ്റോർ പർച്ചേസ് മാന്വൽ എന്നിവയിലെ വ്യവസ്ഥകൾക്കും ചട്ടങ്ങൾക്കുമെതിരായി നടത്തിയ മേൽചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 3-12 തെരുവ് വിളക്ക് മെയിന്റനൻസ് (എ.എം.സി) പദ്ധതി നടത്തിപ്പിൽ ചട്ടലംഘനം

പ്രോജക്ട് നമ്പർ : S063/17

അടങ്കൽ തുക : 961280/-(തനതുഫണ്ട്)

ചെലവ് തുക : 340870/-

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള തെരുവ് വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണിക്കായി അടങ്കൽ നിശ്ചയിച്ച് നടപ്പിലാക്കിയ ടി പ്രവൃത്തിയുടെ ടെണ്ടർ/കരാർ നടപടികളിലും നടത്തിപ്പിലും ഗുരുതരമായ ചട്ടലംഘനങ്ങൾ നടന്നിട്ടുണ്ട്.

1) 07.10.2016-ന് തെരുവ് വിളക്ക് മെയിന്റനൻസ് എന്ന പദ്ധതി നടത്തിപ്പിനുവേണ്ടി ടെണ്ടർ ക്ഷണിച്ചെങ്കിലും ഐറ്റം വൈസ് റിപ്പയർ ചാർജ്ജ് പ്രകാരം ക്വാട്ട് ചെയ്ത തുകക്ക് കരാർ നൽകിയാൽ വൻതുകയാകുമെന്ന കാരണം പറഞ്ഞ് ഒരു ടെണ്ടറും സ്വീകരിക്കാതിരിക്കുകയും തുടർന്ന് 04.11.2016-ന് റീ ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. ആദ്യ ടെണ്ടറിൽ താഴെപറയുന്ന 3 പേർ ക്വാട്ട് ചെയ്തിരുന്നു.

1. ശ്രീ.വേണുഗോപാലൻ നായർ

2. ശ്രീ.രാമചന്ദ്രൻ, ലക്ഷ്മി ഇലക്ട്രിക്കൽസ്

3. ശ്രീ.മാത്യു ജോസഫ് & അസോസിയേറ്റ്സ്

ആദ്യ ടെണ്ടറിൽ സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് എ.എം.സി അടിസ്ഥാനത്തിൽ ഒരു യൂണിറ്റിന്റെ ഒരു വർഷത്തെ മെറ്റീരിയൽ കോസ്റ്റ് ഉൾപ്പെടെയുള്ള റിപ്പയറിംഗ് ചാർജ്ജ് കാണിച്ചിരിക്കണം എന്ന് നിഷ്കർഷിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിലുള്ള നിരക്ക് തന്നെയാണ് മേൽപറഞ്ഞ കരാറുകാർ ക്വാട്ട് ചെയ്തിരുന്നത് എന്ന് വ്യക്തമാണ്. എങ്കിലും ഇതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തയാളുമായി നെഗോഷിയേറ്റ് ചെയ്ത് പ്രവൃത്തി നടപ്പാക്കുന്നതിനു പകരം 04.11.2016-ന് റീ ടെണ്ടർ ചെയ്യുകയുണ്ടായി. റീ ടെണ്ടർ നൽകിയപ്പോൾ ലഭ്യമായ മൂന്നു ടെണ്ടറുകളിൽ വരുൺ വി നായർ, വർഷ, ചിറ്റാഴ 8% അധിക നിരക്കിലും, അശോക് കുമാർ.റ്റി ഓരോ ഇനങ്ങളുടെ നിരക്ക് മാത്രവും വേണുഗോപാലൻ നായർ എസ്റ്റിമേറ്റ് തുകക്കുമാണ് ടെണ്ടർ സമർപ്പിച്ചത്. എന്നാൽ ഇവ തമ്മിൽ താരതമ്യം ചെയ്ത് ടെണ്ടർ ടാബുലേഷൻ നടത്തിയിട്ടല്ല ശ്രീ.വേണുഗോപാലൻ നായരുടെ ടെണ്ടറാണ് സ്വീകരിച്ചത്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (15) 25.08.2016-ൽ കെ.എസ്.ഇ.ബി-യുടെ ലേബർ ഡാറ്റാ പ്രകാരം പരിശോധിച്ചതിൽ ശ്രീ.വേണുഗോപാലൻ നായർക്ക് നൽകുന്നത് ലാഭകരമാണെന്ന് കമ്മറ്റി തീരുമാനിച്ചതിനാലാണ് കരാർ നൽകിയിട്ടുള്ളതെന്നാണ് മറുപടി നൽകിയിട്ടുള്ളത്.

കരാർ ചട്ടങ്ങളിൽ ലംഘനം

2) ശ്രീ.വേണുഗോപാലൻ നായരുമായി കരാർ ചമച്ചതിൽ താഴെ പറയുന്ന ചട്ടലംഘനങ്ങൾ നടന്നിട്ടുണ്ട്.

1. കരാർ ഉറപ്പിച്ചത് എത്ര രൂപക്കാണെന്നുള്ള അവശ്യവിവരം ഉൾപ്പെടുത്തിയിട്ടില്ല.

2. ഒരു വർഷത്തേക്കാണ് കരാർ എന്നിരിക്കേ തുക നൽകേണ്ടതിന്റെ വ്യവസ്ഥകൾ - എത്ര ഇൻസ്റ്റാൾമെന്റ് എത്ര ശതമാനം വീതം എന്ന വിശദാംശങ്ങൾ ഒന്നും തന്നെ ഉൾപ്പെടുത്തിയിട്ടില്ല.

3. ആദ്യ ഗഡുവായി 340870/-രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ ആകെ പ്രവൃത്തിയുടെ എത്ര ശതമാനം പൂർത്തിയാക്കിയിട്ടാണ് കരാർ തുകയുടെ 35 ശതമാനത്തോളം

10/2017-ന് കൈമാറിയത് എന്ന കാര്യത്തിൽ വ്യക്തതയില്ല.

ഇപ്രകാരം സ്റ്റോർപർച്ചേസ് മാന്വൽ പ്രകാരമുള്ള ടെണ്ടർ നിബന്ധനകൾ, കേരള പഞ്ചായത്ത് രാജ് ആക്ട് കരാർ ചട്ടങ്ങൾ എന്നിവയ്ക്കുവിരുദ്ധമായി ടെണ്ടർ/കരാർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി ചെയ്തത് ഗുരുതരമായ അപാകതയായി വിലയിരുത്തുന്നു.

## 3-13 പൊതുമരാമത്ത് പ്രവൃത്തികൾ

*1) റോഡ് റീടാറിംഗ് - അധികനിരക്ക് നൽകിയത് നിരാകരിക്കുന്നു.*

a) കീഴ്ക്കല്ലയം - ആറാംകല്ല് റോഡ്

പ്രോജക്ട് നമ്പർ : S0126/17

പ്രോജക്ടിന്റെ പേര് : കീഴ്ക്കല്ലയം ആറാംകല്ല് റോഡ് റീ ടാറിംഗ്

അടങ്കൽ : 2,50,000/-

ചെലവ് : 2,49,627/-

ബിൽ നം/തീയതി : 30/16-17, 30.03.17

സാങ്കേതികാനുമതി : 10208/2016-17

കരാറുകാരൻ : ബാബുരാജ്.എം.

കീഴല്ലയം - ആറാംകല്ല് റോഡ് റീ ടാറിംഗിന് 187 മീറ്റർ റോഡ് റീ ടാറിംഗ് ചെയ്തതിൽ 129m Water bound Macadam (WBM) എന്ന ഇനമാണ് ഫില്ലിംഗിനുവേണ്ടി ചെയ്തിരിക്കുന്നത്. റീ ടാറിംഗിന് pot hole filling-ന് Wet Mix Macadam WMM ചെയ്യുന്നതിന് പകരമാണ് WBM ഉപയോഗിച്ച് ചെയ്തത്.

ഫിനാൻസ് (ഇൻസ്പെക്ഷൻ വിംഗ്-ടെക്നിക്കൽ) 20.07.2016-ലെ സർക്കുലർ നം.16/2016/ഫിൻ പ്രകാരം റോഡ് ടാറിംഗിന് കൂടിയ നിരക്കിലുള്ള WBM ഉപയോഗിച്ച് പ്രവൃത്തി ചെയ്യണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ചീഫ് എഞ്ചിനീയർ (LSGD) സർക്കുലർ നം.DB3/6512/13. 10.08.12 പ്രകാരവും (ഖ.5.7) നിലവിൽ WBM ചെയ്ത റോഡുകളിൽ റീ ടാറിംഗിന് WBM ഉപയോഗിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിലവിൽ WBM ഉള്ള റോഡിൽ WMM ചെയ്താൽ അവ തമ്മിലുള്ള ബോണ്ട് ശരിയാകുകയില്ല എന്നും Steep Slope ഉള്ള റോഡ് ആയതിനാൽ മഴവെള്ളപ്പാച്ചിലിൽ earthern Shoulder ഒലിച്ചുപോകുകയും റോഡ് നശിക്കാനിടയാകുകയും ചെയ്യും എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ചീഫ് എഞ്ചിനീയറുടെ മേൽ പ്രതിപാദിച്ച സർക്കുലറിൽ ഖ.5, 7 പ്രകാരം ഇപ്രകാരം WBM ചെയ്യുന്നതിൽ അപാകതയില്ലെന്നും അപ്രകാരം ചെയ്യേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ സംയുക്ത സ്ഥലപരിശോധനയിൽ ടി റോഡ് Steep Slope ഉള്ളതല്ലെന്നും ബോധ്യപ്പെട്ടിട്ടുണ്ട്. ഇക്കാരണത്താൽ അധികച്ചെലവ് വന്നിട്ടുള്ളത് താഴെപറയും വിധം അസി.എഞ്ചിനീയറുടെ ബാധ്യതയാകുന്നു.

ഇനം 1 പ്രകാരം നൽകിയത് - 29.025 x 3619/$m^3$ = 105041.47

MORD Specification പ്രകാരം നൽകാവുന്നത് = 29.025 x 3205= 93025.125

അധികം നൽകിയത് = 12016.34

(b) ജനതാ ലൈൻ റോഡ് റീടാറിംഗ്

പ്രോജക്റ്റ് നമ്പർ : S0140/17

അടങ്കൽ : 4,00,000/-

ചെലവ് : 3,59,662/-

ബിൽ നം/തീയതി : 14/16-17, 18.03.17

കരാറുകാരൻ : ചന്ദ്രൻ.കെ

എം.ബുക്ക് നം. : 81/-16-17, Page 24

സാങ്കേതികാനുമതി : 10196/2016-17

മേൽ പ്രവൃത്തിയിലും നിലവിൽ WBM ലെയർ ഉള്ള റോഡിൽ WMM ഉപയോഗിച്ച തിനുശേഷം റോഡ് റീടാറിംഗ് ചെയ്യുന്നതിനാണ് എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ WBM സ്പെസിഫിക്കേഷൻ ആണ് എസ്റ്റിമേറ്റ് നൽകിയിരിക്കുന്നതും പ്രവൃത്തി പൂർത്തിയാക്കിയിരിക്കുന്നതും.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 22-ന് ടി റോഡിന് Shoulder നൽകാനുള്ള വീതി ഇല്ലായിരുന്നു എന്നും lateral confinement നിർബന്ധമായി ചെയ്യേണ്ടതുകൊണ്ട് Binding material ആയി പാറപ്പൊടി ഉപയോഗിക്കുന്നത് WMM ചെയ്യുന്നത് പ്രായോഗികമല്ലെന്നുമുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ LSGD ചീഫ് എഞ്ചിനീയറുടെ 10.08.2016-ലെയും ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗ് (ടെക്നിക്കൽ) 20.07.2016-ലെ സർക്കുലർ 16/2016-ന്റെയും അടിസ്ഥാനത്തിൽ കൂടിയ നിരക്കിലുള്ള WBM സ്പെസിഫിക്കേഷൻ ഉപയോഗിച്ച് പ്രവൃത്തി പൂർത്തിയാക്കിയത് അംഗീകരിക്കുന്നില്ല.

ഇനം 1 പ്രകാരം നൽകിയത് - 35.792 x 3619'12 = 129528.30

MORD Specification പ്രകാരം നൽകാവുന്നത് - 35.792 x 3205.12= 114713.36

അധികം നൽകിയത് = 14814.94

അധികം നൽകിയ തുക ഈടാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-14 കരാർ ഉടമ്പടി വയ്ക്കുന്നതിലെ കാലതാമസം പിഴ ഈടാക്കിയിട്ടില്ല.

പ്രോജക്റ്റ് നമ്പർ : S0106/17

പ്രവൃത്തിയുടെ പേര് : മേച്ചാംകോട് പന്തപ്ലാവ് റോഡ് വികസനം

അടങ്കൽ : 13,65,000/-

ചെലവ് : 9,48,215/-

കോൺട്രാക്ടർ : സോമൻ.എൽ.

ബിൽ നം. : SBGJ 9314513 തീയതി. 27.03.17

എം.ബുക്ക് : 218/16-17 പേജ് 44

ടി പ്രവൃത്തിയുടെ കരാറുടമ്പടി ചമക്കേണ്ട (1% പിഴയോടു കൂടി) കാലയളവ് 04.01.17 വരെയാണ്. എന്നാൽ 1% പിഴയോടു കൂടി അനുവദനീയമായ കാലയളവിൽ 04.01.17-നാണ് കരാർ ഉടമ്പടി ചമച്ചത്. എന്നാൽ കരാറുകാരനിൽ നിന്നും PWD മാന്വൽ 2012 ഖ.2009 . 6 ലെ വ്യവസ്ഥകൾ പ്രകാരം PAC യുടെ 1% പിഴ ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി 18-ന് കരാറുകാരൻ ചികിത്സയിലായിരുന്നു എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ കരാർ ഉറപ്പിക്കുന്നതിലെ കാലതാമസത്തിന് പിഴ ഈടാക്കാതിരിക്കുന്നത് PWD മാന്വലിലെ ചട്ടങ്ങൾക്ക് വിരുദ്ധമായതിനാൽ ഈ മറുപടി അംഗീകരിക്കാൻ കഴിയുന്നില്ല. അടങ്കൽ തുകയുടെ 1% ആയ 13650/-രൂപ കരാറുകാരനിൽ നിന്നും ഈടാക്കി അടവാക്കേണ്ട ബാധ്യത അസി.എഞ്ചിനീയറിൽ നിക്ഷിപ്തമാണ്.

## 3-15 പി.എച്ച്.സി.നിർമ്മാണം - അപാകതകൾ

പ്രോജക്റ്റ് നമ്പർ : S053/16

പ്രവൃത്തിയുടെ പേര് : കരകുളം പി.എച്ച്.സി പുതിയ കെട്ടിടം

അടങ്കൽ : 45,00,000/-

ചെലവ് (തൻവർഷം) : 1) 1212000/- ബിൽ നം.17/16-17. തീയതി. 24.03.17

2) 110243/- ചെക്ക് നം.9314504 -SBGJ തീ. 22.03.17

സാങ്കേതികാനുമതി : TS 03/NDD/LSGD/15/16 തീയതി. 29.06.15

എഗ്രിമെന്റ് : 55/AEE/LSGD/KKM/15-16 തീയതി. 03.09.15

കോൺട്രാക്ടർ : അനിൽകുമാർ.ജി.എസ്.

എം.ബുക്ക് : 279/15-16

കരകുളം പി.എച്ച്.സി-ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി രണ്ടു നിലയിലുള്ള കെട്ടിടത്തിന്റെ പ്ലാൻ അനുസരിച്ച് 45,00,000/-രൂപ അടങ്കൽ നിശ്ചയിച്ച് ചെയ്ത ടി പ്രവൃത്തിയുടെ നടത്തിപ്പിൽ ഗുരുതരമായ അപാകതകൾ താഴെപറയുംവിധം സംഭവിച്ചിട്ടുണ്ട്.

*1. പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിന് മുൻപ് സ്ഥലത്തിന്റെ അനുയോജ്യത ഉറപ്പുവരുത്തിയിട്ടില്ല.*

1) 2015-16 പദ്ധതിയിലുൾപ്പെടുത്തി പ്ലാൻ ഫണ്ടിൽ നിന്നും തനതു ഫണ്ടിൽ നിന്നുമായി അടങ്കൽ നിശ്ചയിച്ച ടി പ്രവൃത്തിക്ക് ടെണ്ടർ ക്ഷണിച്ചതിൽ 8.05% കുറവ് നിരക്കിൽ ടെണ്ടർ സമർപ്പിച്ച അനിൽകുമാർ.ജി.എസ്. എന്ന കരാറുകാരന് 17.08.2015 തീയതിയിലെ 1(2)-ാം നമ്പ്ര തീരുമാന പ്രകാരം 24.08.15-ന് സെലക്ഷൻ നോട്ടീസ് അയക്കുകയും 03.09.15-ന് എഗ്രിമെന്റ് ഉറപ്പിക്കുകയും ചെയ്തു. എന്നാൽ പ്രവൃത്തി ആരംഭിച്ച് എസ്റ്റിമേറ്റ് പ്രകാരം സ്ഥലം ലെവൽ ചെയ്തപ്പോൾ ഉദ്ദേശിച്ച സ്ഥലം വെള്ളക്കെട്ടുള്ളതിനാലും ചതുപ്പുനിലമായതിനാലും കെട്ടിടത്തിന്റെ സ്ഥാന നിർണയം അവിടെത്തന്നെ മാറ്റി സ്ഥാപിക്കുന്നതിനും എസ്റ്റിമേറ്റ് തുകക്ക് ഉള്ളിൽ നിന്നുകൊണ്ട് എസ്റ്റിമേറ്റിൽ ഭേദഗതി വരുത്തി കോൺക്രീറ്റ് റിംഗ് ഉണ്ടാക്കി ഉറ ഇറക്കൽ കരിങ്കൽകെട്ട്, Colunm footings ഇവ 1:3:6 ഉപയോഗിച്ച് ഉള്ളിൽ നിറക്കൽ ഇവ ഉൾപ്പെടുത്തി അസി.എഞ്ചിനീയറുടെ അപേക്ഷ പ്രകാരം 19.09.15-ലെ III(3) തീരുമാന പ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്തുപണിചെയ്തു. രണ്ടുനിലയിലുള്ള കെട്ടിടം പണിയുന്നതിനാ യിരുന്നു ആദ്യ എസ്റ്റിമേറ്റെങ്കിലും സ്ഥലത്തിന്റെ ചതുപ്പുനിലം പരിഗണിച്ച് എസ്റ്റിമേറ്റെങ്കിലും സ്ഥലത്തിന്റെ ചതുപ്പുനിലം പരിഗണിച്ച് എസ്റ്റിമേറ്റിൽ മാറ്റം വരുത്തിയപ്പോൾ ഒരു നിലമാത്രമേ പണിയാൻ സാധിച്ചുള്ളൂ. ഇക്കാര്യത്തിൽ സംഭവിച്ച രണ്ട് അപാകതകൾ താഴെപറയുന്നു.

1. സ്ഥലത്തിന്റെ വെള്ളക്കെട്ട് പരിഗണിച്ച് അതേ കോമ്പൗണ്ടിൽ സ്ഥാനം മാറ്റി പണിയുന്നതിനായിരുന്നു കമ്മിറ്റി തീരുമാനമെങ്കിലും റിവൈസ്ഡ് എസ്റ്റമേറ്റ് പരിശോധിച്ചതിലും സ്ഥല പരിശോധനയിലും അപ്രകാരം ചെയ്തിട്ടില്ല എന്നു കാണുന്നു. കൂടുതൽ മൺപണിയും Colunm footings, മുതലായ പ്രവൃത്തികളും ഉൾപ്പെടുത്തി കെട്ടിടത്തിന്റെ ഒരു നില ഒഴിവാക്കി പ്രവൃത്തി ചെയ്യുകയാണുണ്ടായത്. സ്ഥാനം മാറ്റി നിർണയിച്ച് വെള്ളക്കെട്ടുള്ള ഭാഗം ഒഴിവാക്കി ഈ പ്രവൃത്തി ചെയ്തിരുന്നുവെങ്കിൽ ആദ്യത്തെ എസ്റ്റിമേറ്റ് തുകയിൽ ഉദ്ദേശിച്ച പ്രവൃത്തി പൂർത്തിയാക്കാൻ കഴിയുമായിരുന്നു.
2. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മുൻപ് സ്ഥലപരിശോധന നടത്തിയിരുന്നില്ല എന്നത് ഗുരുതരമായ വീഴ്ചയായി വിലയിരുത്തുന്നു. സ്ഥല പരിശോധന നടത്തിയിരുന്നെങ്കിൽ സ്ഥലത്തെ ഒരു ഭാഗത്ത് മാത്രം നിലനിൽക്കുന്ന വെള്ളക്കെട്ടുള്ള ഭാഗം ഒഴിവാക്കി പ്ലാൻ തയ്യാറാക്കിയിരുന്നെങ്കിൽ പ്രവൃത്തി ആരംഭിച്ചതിനുശേഷമുള്ള എസ്റ്റിമേറ്റ് പുതുക്കലും തുടർന്നുണ്ടായ അധികച്ചെലവും ഒഴിവാക്കാമായിരുന്നു.

*2) കുഴിച്ചെടുത്ത മണ്ണ് ഉപയോഗിച്ചില്ല – അധികച്ചെലവ് നിരാകരിക്കുന്നു.*

ടി പ്രവൃത്തിയുടെ എം.ബുക്ക് 279/15-16 പേജ് 41 പ്രകാരം 511.95 $m^3$ മണ്ണ് earth excavation

പ്രവൃത്തിയിലൂടെ കുഴിച്ചെടുത്തു. എന്നാൽ പേജ് 55 പ്രകാരം 83.75$m^3$ മണ്ണ് നിറച്ചതിന് 47673.01 രൂപ നൽകിയിട്ടുണ്ട്. ആകെ ആവശ്യമായിരുന്ന മണ്ണിന്റെ അളവിൽ കുഴിച്ചെടുത്ത മണ്ണിന്റെ 30% മാത്രമേ ഉപയോഗിച്ചതായി രേഖപ്പെടുത്തിയിട്ടുള്ളൂ. പൂർണമായും ഉപയോഗിച്ചിരുന്നെങ്കിൽ ടി 83.75$m^3$ ന് ചെലവായ 47673/-രൂപ കുറയ്ക്കാമായിരുന്നു. മണ്ണ് ഉപയോഗിക്കാതിരുന്നതിന്റെ കാരണം എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുമില്ല. അധികച്ചെലവായ 47673/-രൂപ നിരാകരിക്കുന്നു. 511.95$m^3$ മണ്ണിന് 70% മണ്ണിന്റെ വിശദാംശം വ്യക്തമാക്കാത്ത സാഹചര്യത്തിൽ വർക്കിന്റെ മേൽനോട്ടം വഹിച്ച അസി. എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്.

*3. അധിക നിരക്ക് നൽകി - തുക നിരാകരിക്കുന്നു*

എം.ബുക്ക് പേജ് 54 ഐറ്റം 5 "Providing and laying in position CC(1:3:6) 20 mm etc complete എന്ന പ്രവൃത്തിക്ക് DSR14-OD പ്രകാരം നൽകാവുന്ന നിരക്ക് താഴെപ്പറയുന്നു.

ഡി.എസ്.ആർ.14 OD പ്രകാരം Basic Rate - 4119.93

Cost Index - 1.46

നൽകാവുന്നത് - 6041.22/$m^3$

നൽകിയ നിരക്ക് - 6698.02/$m^3$

അധികം ചെലവായ തുക - 48.44 x 6698.02 -

- 48.44 x 6041.22

= 31815.39

അധികത്തുക ഉത്തരവാദിയായ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടാതാണ്.

*4) പ്രവൃത്തി പൂർത്തിയാക്കിയത് കരാർ കാലാവധി കഴിഞ്ഞ് 11 മാസങ്ങൾ കഴിഞ്ഞ് - കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല.*

03.09.15-ന് എഗ്രിമെന്റ് ഒപ്പുവച്ച കരാർ ഉടമ്പടി വ്യവസ്ഥകൾ പ്രകാരം 6 മാസമാണ് പൂർത്തീകരണ കാലാവധി. എന്നാൽ എസ്റ്റിമേറ്റ് വിവൈസ് ചെയ്ത സാഹചര്യത്തിൽ സപ്ലിമെന്ററി എഗ്രിമെന്റ് വഴി 09.05.16 വരെ പിഴയില്ലാതെ കാലാവധി നീട്ടിക്കൊടുത്തിട്ടുണ്ട്. ഇതിനുവേണ്ടി കരാറുകാരന്റെ അപേക്ഷയോ അസി.എഞ്ചിനീയറുടെ അപേക്ഷ സാധൂകരിക്കുന്ന റിപ്പോർട്ടോ ഇല്ല. എന്നാൽ 09.05.2016 വരെ മാത്രം നീട്ടിയ കാലാവധി കഴിഞ്ഞ് എം.ബുക്ക് 280/15-16 പ്രകാരം 20.02.2017-ൽ മാത്രമാണ് പണി പൂർത്തിയായത്. എന്നാൽ കരാറുകാരനിൽ നിന്നും പൊതുമരാമത്ത് മാനുൽ സെക്ഷൻ 2112-1 പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല. ഈടാക്കേണ്ട പിഴയുടെ വിശദാംശങ്ങൾ താഴെപറയുന്നു.

09.05.16 മുതൽ 09.08.16 വരെ - 1% of PAC

(ആദ്യ മൂന്നുമാസം) - 4137750 x 1/100 = 41377

10.08.16 മുതൽ 10.11.16 വരെ - 2% of PAC = 82754

11.11.16 മുതൽ 12.02.17 വരെ - 2% of PAC = 82754

12.02.17 മുതൽ 20.02.17 വരെ - 2% of PAC = 7355

214240

======

ഇക്കാര്യങ്ങൾ ഓഡിറ്റ് എൻക്വയറി 24 വഴി ചോദിച്ചെങ്കിലും മറുപടി ലഭ്യമായില്ല. ടി തുക കരാറുകാരനിൽ നിന്നും ഈടാക്കി അടവാക്കേണ്ട ബാധ്യത അസി.എഞ്ചിനീയറിൽ നിക്ഷിപ്തമാണ്.

## 3-16 പഞ്ചായത്തിൽ യു.പി.എസും കമ്പ്യൂട്ടറും വാങ്ങൽ - കൂടിയ സ്പെസിഫിക്കേഷനില്ലുള്ളത് വാങ്ങി - അധികച്ചെലവ്

പ്രോജക്ട് നമ്പർ : S037/17

അടങ്കൽ : 380000/-തനത് ഫണ്ട്

ചെലവ് : 303954/-

ചെക്ക് നമ്പർ/തീയതി.: 9314514/28.03.17

പഞ്ചായത്തിലെയും അനുബന്ധ സ്ഥാപനങ്ങളിലേയും ആവശ്യങ്ങൾക്കായി 5 കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനാണ് 200000/-രൂപ അടങ്കൽ വകയിരുത്തി പ്രോജക്ട് അംഗീകാരം ലഭ്യമാക്കിയത്. ഇതിനായി പഞ്ചായത്ത് ഓഫീസിൽ പ്രവർത്തനത്തിനാവശ്യമായ കമ്പ്യൂട്ടർ സ്പെസിഫിക്കേഷൻ നിർണയിച്ചുതരുന്നതിന് 13.01.2017-ൽ ഐ.കെ.എം- നോടാവശ്യപ്പെട്ട കയും ഐ.കെ.എം ലഭ്യമാക്കുകയും ചെയ്തിരുന്നു. ഐ.കെ.എം നിർദ്ദേശിച്ച സ്പെസിഫി ക്കേഷൻ പ്രകാരം Intel core i 3 (3.3 GH2, 3BM cache) processor ഉപയോഗിക്കുന്ന കമ്പ്യൂട്ടർ മാത്രമേ ആവശ്യമായിട്ടുള്ളൂ. സ.ഉ.1838/12 തസ്വഭവ തിരു.തീയതി.03.07.12 ഖണ്ഡിക 7 പ്രകാരം കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നത് ഐ.കെ.എം നിർദ്ദേശിക്കുന്ന സ്പെസിഫിക്കേഷൻ അനുസരിച്ചായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതിന് വിരുദ്ധമായി കമ്പ്യൂട്ടർ വാങ്ങുന്നതിന് പഞ്ചായത്ത് നൽകിയ ദർഘാസ് പരസ്യത്തിൽ CPU – Intel core 5-6200 U, 2.6 GHZ MB cache ആണ്. ആവശ്യമായ സ്പെസിഫിക്കേഷൻ ആയി നൽകിയിരുന്നത്. ഇതിൻ പ്രകാരം തെരഞ്ഞെടുത്ത് Triad Micro System -1 എണ്ണത്തിന് 46900/-രൂപയ്ക്ക് ക്വാട്ട് ചെയ്യുകയും 187600/-രൂപയക്ക് 4 കമ്പ്യൂട്ടറുകൾ വാങ്ങുകയും ചെയ്തു. Intel core i 3 - Intel core i 5 എന്നീ സ്പെസിഫിക്കേഷനുകൾ തമ്മിൽ വിപണിയിൽ 6000/-രൂപയോളം വ്യത്യാസമുണ്ട്. ഇപ്രകാരം 4 കമ്പ്യൂട്ടറുകൾ വാങ്ങിയതിൽ 24000/-രൂപയോളം അധികച്ചെലവ് വരികയും പ്രോജക്ടിൽ നിശ്ചയിച്ചതിൻ പ്രകാരം 5 കമ്പ്യൂട്ടറുകൾ വാങ്ങാൻ സാധിക്കാതിരിക്കുകയും ചെയ്തു. ഭാവിയിൽ ഇലക്ട്രോണിക് ഉപകരണങ്ങൾ വാങ്ങുമ്പോൾ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ച് തദ്ദേശ സ്ഥാപനത്തിന് അധികച്ചെലവ് വരാതെ ശ്രദ്ധിക്കേണ്ടതാണ്.

## 3-17 ജിയോ ഇൻഫോർമാറ്റിക് സർവ്വേ - ഐ.കെ.എം സോഫ്റ്റ്‌വേറുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പ്രോജക്ട് നമ്പർ : S0073/17

അടങ്കൽ : 6,00,000/-(440000.00 വികസന ഫണ്ട്

160000.00 ബ്ലോക്ക് വിഹിതം)

ചെലവ് : 3,80,000/-

പഞ്ചായത്തിന്റെ സാമൂഹ്യ സാമ്പത്തിക വിവരങ്ങൾ, ആസ്തികൾ, ജലസ്രോതസ്സുകൾ, റോഡുകൾ തുടങ്ങി എല്ലാവിവരങ്ങളും അടങ്ങിയ ഡാറ്റാബാങ്ക് നിർമ്മാണം ത്വരിതഗതിയിലുള്ള റിപ്പോർട്ട് ലഭ്യമാക്കുന്നതിനുതകുന്ന ശ്ലാഘനീയമായ പദ്ധതിയാണെങ്കിലും ടി സോഫ്റ്റ്‌വെയർ തയ്യാറാക്കി ഇൻസ്റ്റാൾ ചെയ്തതിന്റെ ഗുണഫലം ലഭ്യമാകണമെങ്കിൽ താഴെ പറയുന്ന തുടർ പ്രവർത്തനങ്ങൾ കൂടി നടത്തേണ്ടതുണ്ട്.

1. ജിയോ ഇൻഫോർമാറ്റിക് സോഫ്റ്റ്‌വെയർ ഐ.കെ.എം സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിക്കുന്നതുകൂടി പദ്ധതി നടപ്പിലാക്കാൻ തെരഞ്ഞെടുക്കപ്പെട്ട കരകുളം ഗ്രാമീണ പഠന കേന്ദ്രവുമായി ചമച്ച കരാറിലുൾപ്പെട്ടിട്ടുണ്ട്. എന്നാൽ ഐ.കെ.എം സോഫ്റ്റ്‌വെയറുമായി Third party sorft ware ബന്ധിപ്പിക്കുന്നതിന് സർക്കാർ ഉത്തരവ് വേണമെന്നാണ് ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ഇതിനുള്ള നടപടികൾ അടിയന്തിരമായി എടുക്കേണ്ടതാണ്.
2. പഞ്ചായത്തിലെ വിവിധ സെക്ഷനുകളുമായി ബന്ധപ്പെടുത്തി സോഫ്റ്റ്‌വെയറിന്റെ പ്രവർത്തനം വിപുലപ്പെടുത്തണം.
3. സോഫ്റ്റ്‌വെയറിന്റെ കാലികമായ നവീകരണം (updation) പഞ്ചായത്ത് ജീവനക്കാർക്ക് ചെയ്യാനുതകുന്ന പരിശീലനം ലഭ്യമാക്കണം.
4. ഉൾപ്പെടുത്തുന്ന വിവരങ്ങൾ ആധികാരികമായി സെക്രട്ടറിയോ അധികാരപ്പെടുത്തുന്ന മറ്റുദ്യോഗസ്ഥനോ പരിശോധിച്ച് സാക്ഷ്യപ്പെടുത്തണം. അല്ലാത്തപക്ഷം വിവര ങ്ങൾക്കോ റിപ്പോർട്ടിനോ ആധികാരികതയുണ്ടാകില്ല.

മേൽപറഞ്ഞ തുടർപ്രവർത്തനങ്ങൾക്കായി 2017-18-ൽ പ്രോജക്ട് തുക വകയിരുത്തിയിട്ടില്ല. വരും വർഷങ്ങളിൽ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

## **3-18** മുട്ടക്കോഴി വളർത്തൽ പദ്ധതി - ഗുണഭോക്തൃ വിഹിതത്തിൽ **18095/-**രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു.

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ മുട്ടക്കോഴി വളർത്തൽ എന്ന പദ്ധതിയിൽ 916 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. ഗുണഭോക്തൃ വിഹിതമായി 138220/-രൂപ ലഭ്യമായിട്ടുണ്ടെങ്കിലും 120125/-രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. 18095/-രൂപ തനത് ഫണ്ടിൽ ചെലവാകാതെ അവശേഷിക്കുന്നു. ഓഡിറ്റ് എൻക്വയറി 23 പ്രകാരം പ്രസ്തുത തുക ചെലവഴിക്കാത്തതിനുള്ള വിശദീകരണം ആവശ്യപ്പെടുകയും ആയതിന് മറുപടി ലഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത മറുപടിയിൽ പ്രോജക്ടിന്റെ തുക വാറ്റ് ഇല്ലാതെയാണ് കണക്കാക്കി യതെന്നും ഗുണഭോക്താക്കളുടെ കൈയിൽ നിന്നും അടച്ച തുക ചെലവഴിക്കാതിരുന്നതാണ് പഞ്ചായത്തിൽ അടവാക്കിയതെന്നും വിശദമാക്കിയിട്ടുണ്ട്.

പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുക ഗുണഭോക്താക്കൾക്ക് തിരികെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-**4**

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമനം | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| 1 | നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് | 2017 | 200000 | 80/17 -ജൈവ പച്ചക്കറികൃഷി | 200000 | 0 |
| 2 | ,, | 2017 | 500000 | സമ്പൂർണ്ണ ശുചിത്വ കോളനികൾ - എസ്.സി.പി. | 0 | 500000 |
| 3 | ,, | 2016 | 100000 | പാലിയേറ്റീവ് കെയർ | 95000 | 5000 |
| 4 | ,, | 2017 | 160000 | ജിയോ ഇൻഫർമാറ്റിക് സർവ്വേ | 0 | 160000 |
| 5 | ,, | 2017 | 100000 | പാലിയേറ്റീവ് കെയർ | 0 | 100000 |
| 6 | ,, | 2017 | 50000 | ഭിന്നഷേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് | 50000 | 0 |

വാർഷിക ധനകാര്യ പത്രിക പ്രകാരം ഈയിനത്തിലെ ആകെ വരവ് 10,10,000/- ആണ്. വ്യത്യാസം ക്രമപ്പെടുത്തേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന്
മുൻകൂറായി തുക നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | KSEB | Lineextension in various ward- SOO87/17 | 21601042 | 184700 | - | 184700 |
| 2 | ,, | ,, | 21601043 | 227135 | - | 227135 |
| 3 | ,, | ,, | 21601044 | 446356 | - | 446356 |

| | | | | | | |
|---|---|---|---|---|---|---|
| 4 | ,, | ,, | 21601045 | 463008 | - | 463008 |
| 5 | ,, | ,, | 21601046 | 300000 | - | 300000 |
| 6 | ,, | ,, | 21601262 | 373886 | - | 373886 |
| 7 | ,, | Line extension in Vattappara ward | 21601359 | 7049 | - | 7049 |
| 8 | ,, | Line extension in Kachani wards in Karakulam GP- SO159/17 | 21601390 | 119750 | - | 119750 |
| 9 | ,, | Line extension in various wards in Karakulam GP-SO202/17 | 21601544 | 1570253 | - | 1570253 |
| 10 | ,, | ,, | 21601545 | 36463 | - | 36463 |
| 11 | ,, | ,, | 21601542 | 39752 | - | 39752 |
| 12 | ,, | ,, | 21601542 | 61470 | - | 61470 |
| 13 | ,, | ,, | 21601543 | 58337 | - | 58337 |
| 14 | ,, | ,, | 21601541 | 420571 | - | 420571 |
| 15 | Kerala Water Authority | Pipe line extension in various wards in Karakulam GP- SO088/17 | 21601302 | 300000 | - | 300000 |
| 16 | ,, | Pipe line extension in Kachani ward | 2160539 | 300000 | - | 300000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം. എസ് ഭവന പദ്ധതി | സ.ഉ(സാധാ) നം.275/2010 ത.സ്വ.ഭ.വ തീയതി 27.01.2010 | 2248500 | 4203559 | 2248500 | - | 1955059 |

ഇ.എം.എസ് ഭവന പദ്ധതി വായ്പയുടെ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുകയുടെ വിവരം 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിൽ തെറ്റായാണ് വിവരം രേഖപ്പെടുത്തിയിട്ടുള്ളത്. വിവരം ഖണ്ഡിക (1-10) യിൽ ഉൾപ്പെടുത്തുന്നു.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| ക്രമ നം. | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/ തീയതി |
|---|---|---|---|---|---|
| 1 | 2013-14 | 2-1/2 | 4650 | സെക്രട്ടറി, കരകുളം ഗ്രാമ പഞ്ചായത്ത് | 29.07.2016 |
| 2 | 2013-14 | 3-6 | 55262 | മെഡിക്കൽ ഓഫീസർ, PHC കരകുളം | 07.05.2016 |
| 3 | 2014-15 | 3-5/3 | 3817 | അസി.എഞ്ചിനീയർ, LSGD | 11.08.2016 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

*(എ) സംക്ഷിപ്ത വിവരം*

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 92726925 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 80542206 |
| വരവിനങ്ങളിലുള്ള നഷ്ടം | 352776 |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 334209.28 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 300000 |

*(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.13 | 26831.28 | ശ്രീമതി രശ്മി.പി.എസ്, അസി.എഞ്ചിനീയർ. |
| 3.14 | 13650 | ,, |
| 3.15 | 293728 | ശ്രീമതി ആശ,അസി.എഞ്ചിനീയർ |

*ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക*

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 100000 | ഡോ.ചന്ദ്രലക്ഷ്മി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-11 | 200000 | ശ്രീ.അരവിന്ദാക്ഷൻ.എസ്, സെക്രട്ടറി. |

*(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം*

ഇല്ല

*(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ*

ഇല്ല

*(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ*

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.ചന്ദ്രലക്ഷ്മി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | - | ലക്ഷ്മി വിഹാർ, വേങ്കോട്.പി.ഒ, വട്ടപ്പാറ |
| ശ്രീമതി.ആശ, അസി.എഞ്ചിനീയർ | - | BGRA -117, ഇന്ദിര നഗർ, പേരൂർക്കട.പി.ഒ, തിരുവനന്തപുരം |
| കുമാരി.രശ്മി.പി.എസ്, അസി.എഞ്ചിനീയർ | - | വൈശാഖ്, കോങ്ങൽ.പി.ഒ, പരവൂർ, കൊല്ലം |
| ശ്രീ.അരവിന്ദാക്ഷൻ.എസ്, സെക്രട്ടറി | - | ശങ്കരത്തിൽ, ശ്രീചിത്രാനഗർ, എ-75, പാങ്ങോട്, തിരുമല.പി.ഒ. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|
| 1997-98 | എൽ.എഫ്.റ്റി.ഡി.ജി.പി 6/362/13 തീയതി.03.05.13 | 2 | |
| 2000-01 | എൽ.എഫ്.റ്റി.ഡി.ജി.പി.6/ 250/02 തീയതി.21.07.14 | 3 | |

| | | | |
|---|---|---|---|
| 2001-02 | എൽ.എഫ്.റ്റി.ഡി.ജി.പി 6/633/04 തീയതി.21.07.14 | 2 | |
| 2002-03 | എൽ.എഫ്.റ്റി.ഡി.ജി.പി 6/229/05 തീയതി.21.07.14 | 2 | |
| 2003-04 | എൽ.എഫ്.റ്റി.ഡി.ജി.പി.6/1753/05 തീയതി.21.07.14 | 1 | |
| 2004-05 | എൽ.എഫ്.റ്റി.ഡി.ജി.പി 6/366/14 തീയതി.21.07.14 | 3 | |
| 2005-06 | എൽ.എഫ്.റ്റി.ഡി.ജി.പി 6/709/08 തീയതി.21.07.14 | 2 | |
| 2006-07 | എൽ.എഫ്.റ്റി.ഡി.ജി.പി 6/710/08 തീയതി.21.07.14 | 2 | |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി 6/941/10 തീയതി.05.08.10 | 7 | |
| 2009-10 | എൽ.എഫ്.റ്റി.ഡി.ജി.പി 6/1705/12 തീയതി.06.04.13 | 5 | |
| 2010-11 | എൽ.എഫ്.റ്റി.ഡി.ജി.പി 6/1704 /14തീയതി.16.01.13 | 6 | |
| 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി 6/635/14 തീയതി.16.09.14 | 13 | |
| 2012-13 | എൽ.എഫ്.റ്റി.ഡി.ജി.പി 6/1345/14 തീയതി.20.03.15 | 26 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി.6/1077/15 തീ. 03.06.16 | 26 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.6/771/2016 തീ. 03.06.16 | - | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.6/2134/2016 തീ.15.12.16 | - | |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

<u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ കരകുളം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റിന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങളും ചുവടെചേർത്തിരിക്കുന്ന പരാമർശങ്ങളും ഒഴികെ എന്റെ അഭിപ്രായത്തിൽ കരകുളം ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ന്യൂനതകളുടെ സംഗ്രഹം

1. സ്ഥാപനങ്ങളുടെ മുഴുവൻ ആസ്തി വിവരവും വാർഷിക ധനകാര്യ പത്രികയിൽ പ്രതിഫലിച്ചിട്ടില്ല.
2. സ്റ്റോക്ക് & സ്റ്റോഴ്സ് മൂല്യാധിഷ്ഠിതമായി തയ്യാറാക്കിയ വിവരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.
3. പഞ്ചായത്തിന്റെ രജിസ്റ്റർ പരിശോധിച്ചതിൽ Auction deposit ആയി 9200/-രൂപ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. എന്നാൽ AFS -ൽ 59450/-രൂപയായി കാണുന്നു. വ്യത്യാസം വിശദീകരിച്ചിട്ടില്ല.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.